**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ പുതിയ വ്യവസായ നയത്തിന്റെ ചുവട് പിടിച്ച് വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിഭാവനം ചെയ്ത പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്-പോർട്ടൽ വഴിയാണ് ടി സ്കീമിൽ അപേക്ഷകൾ ക്ഷണിക്കുന്നത്. ആദ്യഘട്ടത്തിൽ ലഭിച്ച അപേക്ഷകളിൽ 8 സംരംഭകർക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പെർമിറ്റ് അനുവദിച്ചിരുന്നു. വെബ്-പോർട്ടൽ മുഖേന ലഭിച്ച 51 അപേക്ഷകളിൽ സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ള 21 അപേക്ഷകളിന്മേൽ പരിശോധനയും നടപടികളും തുടർന്നു വരുന്നു. പെർമിറ്റ് അനുവദിച്ച സംരംഭകരുടെ ഒരു അവലോകന യോഗം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ 22/06/2023-ന് ചേരുകയും എസ്റ്റേറ്റ് രൂപീകരണത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയ്ക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ ഒരു ഓപ്പറേഷണൽ ഗൈഡ് ലൈൻ രൂപപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ കൂടുതൽ സംരംഭക സൗഹാർദ്ദമാക്കുന്നതിനായി പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്കീമിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | 2022-ൽ രൂപീകൃതമായ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം കൂടുതൽ സംരംഭക സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2023-ൽ ഭേദഗതി ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞത് 10 ഏക്കർ ഭൂമിയുള്ള സ്ഥാപനങ്ങൾക്ക് പുറമേ കുടുംബങ്ങൾക്കും കൂടി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിലും കുറഞ്ഞത് 5 |

| | | | |
|---|---|---|---|
| | | | ഏക്കറോ അതിലധികമോ ഭൂമിയുള്ളവർക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ബഹുനില വ്യവസായ സമുച്ചയം) സ്കീമിലും അപേക്ഷ നൽകാവുന്നതാണ്. 30 വർഷമോ അതിലധികമോ കാലാവധിയിൽ പാട്ടത്തിനെടുത്ത ഭൂമിയുള്ള സംരംഭകർക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ഓരോ സ്വകാര്യ വ്യവസായ എസ്റ്റേറ്റിനും വേണ്ടി പ്രത്യേക ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതിനും പ്രസ്തുത ബോർഡ് വഴി ബിൽഡിങ് പെർമിറ്റ് അനുവദിച്ചു നൽകുന്നതിനും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റിന്റെ കാലപരിധി ഒഴിവാക്കികൊണ്ടും ഭേദഗതികൾ നിലവിൽ വന്നിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നതെന്നും സംരംഭകർക്ക് ഡെവലപ്പർ പെർമിറ്റ് വിതരണം ചെയ്യുവാൻ തുടങ്ങിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഏകദേശം 100-ഓളം സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാൻ സാധിക്കും എന്നാണ് കണക്കാക്കുന്നത്. നാളിതുവരെ 8 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചു. നിലവിൽ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുള്ള 21 അപേക്ഷളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ